ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) എറണാകുളം
പാർക്ക് അവന്യൂ, എറണാകുളം - 682011
☎ 0484 -2360802 ✉ dmohekmoffice@gmail.com

കുറ്റാരോപണമെമ്മോ

**Appendix H4**

നോട്ടീസ്

ശ്രീ. ഹാരിസ്.പി.കെ, എന്ന താങ്കൾ കുമ്പളങ്ങി സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലിചെയ്തുവരവെ 01.12.2020 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന കുറ്റത്തിന് No. എ6/1555/2021 ജി.മെ.ഒ തീയതി: 04.02.2021 പ്രകാരം കുറ്റാരോപണ മെമ്മോ താങ്കളുടെ താമസസ്ഥലത്തെ മേൽവിലാസത്തിൽ അയച്ചുതരികയുണ്ടായി. പ്രസ്തുത കുറ്റാരോപണ മെമ്മോയിൽ താങ്കൾക്കെതിരെ 1960 ലെ (കേരള സിവിൽ സർവ്വീസ് തരംതിരുവും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ എടുക്കാതിരിക്കാൻ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ 15 ദിവസവും അനുവദിച്ചിരുന്നു. എന്നാൽ കുറ്റാരോപണമെമ്മോ അടങ്ങിയ കവർ താങ്കൾ കൈപ്പറ്റാതെ unknown എന്ന് രേഖപ്പെടുത്തി പോസ്റ്റൽ അധികാരികൾ മടക്കി നൽകുകയാണുണ്ടായത്. ആയതുകൊണ്ട് താങ്കളുടെ പേരിലുള്ള കുറ്റാരോപണ മെമ്മോയ്ക്ക് എതിരായി എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിശ്ചിത സമയപരിധിക്കകം കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി ലഭ്യമായില്ലെങ്കിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ അച്ചടക്ക നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. മുൻകൂട്ടി അപേക്ഷ തരുന്നമുറയ്ക്ക് ഓഫീസ് പ്രവർത്തനസമയത്ത് താങ്കൾക്കെതിരെ ഉന്നയിച്ചിരിക്കുന്ന കുറ്റാരോപണ മെമ്മോയും അനുബന്ധ രേഖകളും നേരിൽ കാണുന്നതിനും ജില്ലാ മെഡിക്കൽ ആഫീസർ എറണാകുളം-ന്റെ സാന്നിദ്ധ്യത്തിൽ കുറിച്ചെടുക്കാവുന്നതോ ആണ്. അല്ലെങ്കിൽ നിർദ്ദിഷ്ട സമയത്തിനകം താങ്കൾ ആവശ്യപ്പെടുന്ന പക്ഷം കുറ്റാരോപണണ പത്രിക താങ്കളുടെ മേൽവിലാസത്തിൽ അയച്ചുതരുന്നതുമാണ്.

ഡോ. എൻ.കെ. കുട്ടപ്പൻ
ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം),
എറണാകുളം.

ശരിപകർപ്പ്: ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ്
സെക്രട്ടറിയേറ്റ് സൗത്ത് ബ്ലോക്ക്
തിരുവനന്തപുരം -1

പകർപ്പ്:
1) ഫയൽ/കരുതൽ ഫയൽ

എഞ്ജി

772/F2/2021 I+PRD